51

# ആകുവാൻ- ഇരിക്കുന്ന ശിഷ്യന്മാർ

## ലൂക്കൊ. 9:57- 62; മത്താ. 8:19- 22 നോക്കുക,

## ഒരടുത്ത നോട്ടം

പണം–മടക്കി നൽകുമെന്ന ഗ്യാരന്റി എഴുതിയ ഒരു വിലപിടിപ്പുള്ള സാധനം വാങ്ങിയതിൽ, നിങ്ങൾക്ക് എപ്പോഴെങ്കിലും മോശമായ അനുഭവം നേരിട്ടിട്ടുണ്ടോ? പിന്നീടു, നിങ്ങൾ വാങ്ങിയ സാധനം വാഗ്ദാനം ചെയ്തതുപോലെയുള്ള ഗുണം ലഭിക്കാതെ വന്നപ്പോൾ, നിങ്ങൾ പണം മടക്കി ആവശ്യപ്പെടുന്നു. അപ്പോൾ നിങ്ങളോടു പറയുന്നു, "ഓ, ഇല്ല," "നിങ്ങൾക്ക് നേരിട്ട ആ അനുഭവം ആ ഉറപ്പിൽ ഉൾപ്പെടുന്നതല്ല. *ഫൈൻ പ്രിന്റു വായിക്കുക.*"[1] മനുഷ്യർ നല്ല പ്രിന്റ് ഉപയോഗിച്ചേക്കാം, എന്നാൽ ക്രിസ്തു അങ്ങനെയല്ല. അവൻ ശിഷ്യത്വത്തിനായി വിളിക്കുമ്പോൾ, ആവശ്യമുള്ളതു കൃത്യമായി പറയുകയും എന്തുപ്രതീക്ഷിക്കുന്നുവോ അതു വ്യക്തമാക്കുകയും ചെയ്തിരുന്നു.

നമ്മുടെ ഇപ്പോഴത്തെ വേദഭാഗത്തെക്കാൾ ഇത് കൂടുതൽ വ്യക്തമായി ഒരിടത്തും കാണുവാൻ കഴിയുകയില്ല. യേശു യെരുശലേമിലേക്കു പോകുകയായിരുന്നു (ലൂക്കൊസ് 9:51). ഉപദ്രവവും തടവും അവിടെ അവനെ കാത്തിരിക്കുന്നു – പിന്നെ, അവസാനം, അവന്റെ മരണവും (ലൂക്കൊസ് 9:44). അവൻ "റോഡിൽക്കൂടെ നടന്നുപോകുമ്പോൾ" (ലൂക്കൊസ് 9:57), ശിഷ്യന്മാർ–ആകുവാൻ പോകുന്ന മൂന്നുപേരെ കണ്ടുമുട്ടി. അവൻ പ്രതീക്ഷിച്ച തരത്തിലുള്ള സമർപ്പണം അവന്റെ വെല്ലുവിളിയിൽ അവർക്കു കൊടുത്തിരുന്നു എന്നതിനു തർക്കമില്ല.

ക്രിസ്തു ആ പുരുഷന്മാരോടു പറഞ്ഞതു നിങ്ങൾ വായിക്കുമ്പോൾ, അവന്റെ വാക്കുകൾ പരുഷമാണെന്നു തോന്നിയേക്കാം. പല വസ്തുതകളും ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. (1) അന്നത്തെ ആചാരങ്ങളെ കുറിച്ചു നമ്മിൽ അധികം പേർക്കും പരിചയമില്ല. ആവശ്യങ്ങളെയും യേശുവിന്റെ പ്രതികരണത്തെയും കുറിച്ചു വ്യത്യസ്തമായ കാഴ്ച്ചപ്പാടു നൽകുവാൻ ആ ആചാരങ്ങളെ കുറിച്ചുള്ള അറിവു ഉപകരിക്കും. (2) കർത്താവിന് മനസ്സുകളെയും ഹൃദയങ്ങളെയും വായിക്കുവാൻ കഴിഞ്ഞിരുന്നു (മത്തായി 9:4; 12:25; ലൂക്കൊസ് 5:20, 22; 6:8; യോഹന്നാൻ 1:47; 2:25; 21:17). ഒരാളുടെ ആവശ്യം പ്രസക്തമാണെന്നു തോന്നുമ്പോഴും, ആ വ്യക്തിയുടെ ഉള്ളിൽ *വാസ്തവത്തിൽ* എന്താണ് ഉണ്ടായിരുന്നതെന്ന് യേശുവിന് അറിയാമായിരുന്നു. (3) ക്രിസ്തു *യുദ്ധത്തിനു* പോവുകയായിരുന്നു. ബോധംകെടുന്നവരെ തിരഞ്ഞെടുക്കുവാൻ അവനു സമയമില്ലായിരുന്നു. (4) തന്നിൽനിന്ന് ആവശ്യപ്പെടാത്ത ഒന്നും യേശു ആ പുരുഷന്മാരിൽ നിന്ന് ആവശ്യപ്പെട്ടില്ല. നമ്മുടെ പഠനത്തിൽ, ആവശ്യങ്ങളെ മൃദുവാക്കാതെ തന്നെ പരുഷമായ വക്ക് നീക്കം

ചെയ്യുക എന്നതാണ് എന്റെ ജോലി. അന്നും ഇന്നും, ക്രിസ്തു വിളിക്കുന്നത് പൂർണ്ണ സമർപ്പണത്തിനാണ്.

നമ്മുടെ പ്രാഥമികമായ വേദഭാഗം ലൂക്കൊസ് 9:57–62 ആയിരിക്കും. മത്തായി 8:19–22 ൽ ഇതേ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. സാഹചര്യം ഒന്നുതന്നെ ആണോ അല്ലയോ എന്ന്, നമുക്ക് അറിയില്ല,[2] എന്നാൽ രണ്ടു സംഭവങ്ങളും എളുപ്പത്തിൽ ഒരുമിച്ച് പഠിക്കാവുന്ന വിധത്തിൽ വേദഭാഗങ്ങൾ ഒരുപോലെയുള്ളതാണ്.

## അന്ന് ആകുവാൻ-ഇരുന്ന ശിഷ്യന്മാർ

### ആവേശമുള്ള സ്ഥാനാർത്ഥി
### (ലൂക്കൊ. 9:57, 58; മത്താ. 8:19, 20 നോക്കുക)

ആദ്യത്തെ ആകുവാൻ–ഇരുന്ന ശിഷ്യൻ യേശുവിനോടു പറഞ്ഞു, “നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കും” (ലൂക്കൊസ് 9:57). ശിഷ്യത്വത്തിന് യേശു വിളിച്ചതു “എന്നെ അനുഗമിക്ക” എന്നു പറഞ്ഞു കൊണ്ടാണ് (നോക്കുക ലൂക്കൊസ് 9:59; മത്തായി 4:19; 9:9; 10:38; 16:24; 19:21). ആ പുരുഷൻ ആ വെല്ലുവിളിയോടു പ്രതികരിച്ചു: “ഞാൻ നിന്നെ അനുഗമി*ക്കും*.” കൂടാതെ, എത്രത്തോളം അവൻ പോകുമെന്ന് നിബന്ധനകൾ നൽകിയില്ല: “നീ *എവിടെപ്പോയാലും* ഞാൻ നിന്നെ അനുഗമിക്കും.”[3] അത്തരം സമർപ്പണത്തിൽ നിന്ന് തെറ്റിമാറുക പ്രയാസമാണ്. മത്തായി 8 ഇതേ സംഭവമാണ് പറയുന്നതെങ്കിൽ, ആ പുരുഷൻ ശാസ്ത്രിയായിരുന്നു (വാ. 19). ശാസ്ത്രിമാരിൽ മിക്കപേരും ക്രിസ്തുവിന്റെ പ്രതിയോഗികൾ ആയിരുന്നു (മത്തായി 9:3; 12:38; 15:1, 2; 16:21). ശത്രുപക്ഷത്തുനിന്ന് ആരെങ്കിലും ശിഷ്യന്മാരുടെ കൂട്ടത്തിലേക്ക് വന്നാൽ അത് ആവേശം ജനിപ്പിക്കുന്നതായിരിക്കും.

എങ്ങനെയായാലും, യേശു ആ മനുഷ്യന്റെ ഉള്ളിലേക്കു നോക്കിയപ്പോൾ, അവൻ സംസാരിച്ച വാക്കുകളുടെ മുഴുവൻ പ്രാധാന്യവും അവൻ മനസ്സിലാക്കിയില്ല എന്ന് അവൻ കണ്ടു. ക്രിസ്തു സ്വയം–ത്യജിക്കലും, ത്യാഗവും, കഷ്ടതയും, അനുഭവിച്ചയിടത്ത് അവൻ കണ്ടത് പുരുഷാരത്തെയും, അത്ഭുതങ്ങളെയും, താൽപര്യത്തെയുമാണ്. അച്ചടക്കത്തെ കുറിച്ചും, അപകടത്തെ കുറിച്ചും, മരണത്തെ കുറിച്ചും, ചിന്തിക്കാതെ യൂണിഫോമിനും, പരേഡുകൾക്കും, മെഡലുകൾക്കുമായി സൈന്യത്തിൽ ചേരുന്ന ഒരാളെ പോലെ ആയിരുന്നു അവൻ.

ആ മനുഷ്യന്റെ വാഗ്ദാനം കർത്താവു സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്തില്ല. മറിച്ച്, അവൻ തന്നെ അനുഗമിച്ചാൽ എന്തു പ്രതീക്ഷിക്കാമെന്ന് സൂചിപ്പിച്ചു: “കുറുനരികൾക്കു[4] കുഴിയും ആകാശത്തിലെ പറവ ജാതിക്ക് കൂടും[5] ഉണ്ട്, മനുഷ്യ പുത്രന്നോ[6] തലചായ്പ്പാൻ[7] ഇടമില്ല എന്നു പറഞ്ഞു” (ലൂക്കൊസ് 9:58; മത്തായി 8:20 നോക്കുക). ഓരോ ദിവസത്തിന്റെയും അവസാനം വന്യമൃഗങ്ങൾക്കും പക്ഷികൾക്കും താമസിക്കുവാൻ ഇടമുണ്ടായിരുന്നു, എന്നാൽ ക്രിസ്തുവിന് സ്ഥിരമായ വീട്[8] ഇല്ലായിരുന്നു. സത്രത്തിൽ പോലും അവന് മുറി ലഭിച്ചിരുന്നില്ല (ലൂക്കൊസ് 2:7), ഗെരേസനയിലും അവന് മുറി ഇല്ലായിരുന്നു (മർക്കൊസ് 5:1–17), നസ്റെത്തിലും അവന് വീടില്ലായിരുന്നു (ലൂക്കൊസ് 4:16–31). ആൽഫ്രെഡ്

പ്ളമ്മർ പറഞ്ഞു, "യേശുവിന്റെ ജീവിതം ആരംഭിച്ചതു കടം വാങ്ങിയ പുൽത്തൊട്ടിയിലും അവസാനിച്ചതു കടംവാങ്ങിയ കല്ലറയിലുമാണ്."[9] പൗലൊസ് എഴുതി, "നിങ്ങളുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും, അവന്റെ ദാരിദ്ര്യത്താൽ, നിങ്ങൾ സമ്പന്നർ ആകേണ്ടതിനു, നിങ്ങൾ നിമിത്തം ദരിദ്രനായിതീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" (2 കൊരിന്ത്യർ 8:9).[10]

യേശു പരാതിപ്പെടുകയോ ദയവിനായി അപേക്ഷിക്കുകയോ ചെയ്തില്ല; അവൻ തന്റെ ജീവിതശൈലി സ്വയം സ്വീകരിച്ചതായിരുന്നു.[11] അവൻ ശിഷ്യനാകുവാൻ-ഇരിക്കുന്ന ആളെ നിരുത്സാഹപ്പെടുത്തിയില്ല, എന്നാൽ ശിഷ്യനായി തീർന്നാൽ അവൻ എങ്ങനെ ആയിരിക്കണമെന്നു തിരിച്ചറിയേണമെന്നു കർത്താവു ഇച്ഛിച്ചു. പെട്ടെന്നു ശിഷ്യനാകുവാൻ പോകുന്ന വ്യക്തിക്കുള്ള കർത്താവിന്റെ സന്ദേശം *"വില കണക്കാക്കുക"*[12] എന്നായിരുന്നു.

ഒരു യുവാവ് ഡോക്ടർ ആകുവാൻ ആഗ്രഹിച്ചാൽ, നമ്മൾ പ്രതികരിക്കും, "അതൊരു യോഗ്യമായ ആഗ്രഹമാണ്, എന്നാൽ നിങ്ങൾ ആദ്യം അതിന് *കൊടുക്കേണ്ടിവരുന്ന വില കണക്കാക്കുക*. അതിനു വർഷങ്ങളോളം വേണ്ടിവരുന്ന ധ്യാനപൂർണ്ണമായ പഠനവും പുതിയ ഡോക്ടറുടെ പരിശീലനകാലവും തികയ്ക്കേണ്ടത് ഓർമ്മിക്കുക, എന്നിട്ടും അത്തരം സമർപ്പണത്തിനു നിങ്ങൾ തയ്യാറാകുന്നുവെങ്കിൽ, പിന്നെ മുൻപോട്ടു പോവുക." "വില കണക്കാക്കുക!" നിങ്ങൾ ഒരു ഡിഗ്രി എടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ലോക-നിലവാരമുള്ള ഒരു ഓട്ടക്കാരൻ ആകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അല്ലെങ്കിൽ നിങ്ങളോ നിങ്ങളുടെ പങ്കാളിയോ ഒരു ശിശു വേണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഇതിലെല്ലാം അത് ഒരു നല്ല ഉപദേശമാണ്. മിക്ക സമയത്തും, നാം ആളുകളോട് വില കണക്കാക്കുവാൻ പറയാറില്ല, മറിച്ച് അവരെ ആ തീരുമാനത്തിൽ ഉത്തേജിപ്പിച്ച്, എന്തുപ്രയാസം നേരിട്ടാലും മുൻപോട്ടു പോകുവാൻ പറയും.

"വിതെക്കുന്നവന്റെ ഉപമ" യിൽ (മത്തായി 13:18), പറഞ്ഞിരിക്കുന്നതിൽ ഒന്ന് ആഴമില്ലാത്തതരം മണ്ണാണ്. ആ മണ്ണിൽ, ചെടികൾ പെട്ടെന്ന് മുളച്ചു പൊങ്ങും; എന്നാൽ സൂര്യപ്രകാശത്തിന്റെ ചൂട് ഏല്ക്കുമ്പോൾ, അതു പെട്ടെന്നു വാടി പോകും (മത്തായി 13:5, 6). ക്രിസ്തു പറഞ്ഞു ഇതു കാണിക്കുന്നത് "ഒരുത്തൻ വചനം കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നതു ആകുന്നു; എങ്കിലും വേരില്ലാതിരിക്കയാൽ, അവൻ ക്ഷണികനത്രേ, വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ, അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു" (മത്തായി 13:20, 21). ഈ ശിഷ്യൻ ആകുവാൻ-ഇരിക്കുന്ന ആൾക്ക് അത്തരം അന്ത്യം വരരുതെന്ന് കർത്താവ് ആഗ്രഹിച്ചു.

### സങ്കോചമുള്ള സ്ഥാനാർത്ഥി
### (ലൂക്കൊ. 9:59, 60; മത്താ. 8:21, 22)

ആദ്യം ശിഷ്യൻ ആകുവാൻ-ഇരുന്ന ആൾ പരപ്രേരണ കൂടാതെ സ്വമനസാലെയാണ് വരുന്നത്, എന്നാൽ രണ്ടാമത്തെ ആൾക്ക് പ്രോൽസാഹനം ആവശ്യമായിരുന്നു.[13] ക്രിസ്തു മറ്റുള്ളവരോടു പറഞ്ഞതുപോലെ, അവനോടും പറഞ്ഞു, "എന്നെ അനുഗമിക്ക" (ലൂക്കൊസ് 9:59; മത്തായി 8:22 നോക്കുക).[14]

ആ മനുഷ്യൻ മറുപടി പറഞ്ഞു, "ഞാൻ മുമ്പെ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം" (ലൂക്കൊസ് 9:59; മത്തായി 8:21 നോക്കുക). അത് പ്രസക്തമായ ഒരു ആവശ്യമാണെന്ന് തോന്നുന്നു. ഒരു മകന്റെ കടമയാണ് അപ്പനെ അടക്കുന്നത്. അക്കാലത്ത് ഒരു അപ്പനെ അടക്കുക എന്നതു മറ്റേതൊരു പ്രവൃത്തിക്കും, ഏറ്റവും വിശുദ്ധമായ കടമക്കും[15] മുൻപായി ചെയ്യേണ്ടതായിരുന്നു.[16] മനുഷ്യർ തങ്ങളുടെ അപ്പനെയും അമ്മയെയും ബഹുമാനിക്കണം എന്നാണ് കർത്താവ് പഠിപ്പിച്ചിട്ടുള്ളത് (മത്തായി 15:4–6; പുറപ്പാട് 20:12; എഫെസ്യർ 6:1–3). തീർച്ചയായും "ബഹുമാനം" എന്ന വാക്കിൽ അടക്കവും ഉൾപ്പെടുത്തേണ്ടതാണ്.

അതുകൊണ്ടു ക്രിസ്തുവിന്റെ പ്രതികരണം ഞെട്ടിക്കുന്നതാണ്: "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ"[16] (ലൂക്കൊസ് 9:60; മത്തായി 8:22 നോക്കുക). "മരിച്ച" എന്ന വാക്ക് യേശു രണ്ടർത്ഥത്തിൽ ഉപയോഗിക്കയുണ്ടായി: "*ഭൗതികമായി മരിച്ചവരെ ആത്മികമായി മരിച്ചവർ അടക്കട്ടെ*" ഒറ്റനോട്ടത്തിൽ ക്രിസ്തുവിന്റെ വാക്കുകൾ പരുഷവും, ദയാരഹിതവും, വികാരരഹിതവുമാണെന്നു തോന്നിയേക്കാം. അവക്കു പിന്നിൽ എന്തായിരിക്കുവാനാണ് സാധ്യത? താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ പരിഗണിക്കുക:

(1) ബൈബിൾ ദേശങ്ങളിലെല്ലാം അടക്കം മിക്കവാറും ഉടനെയാണ് നടന്നിട്ടുള്ളത് (കഴിയുമെങ്കിൽ, അന്നു തന്നെ),[17] തുടർന്നുള്ള ചടങ്ങുകൾ ഒരാഴ്ച്ചയോ അതിലധികമോ നീളുന്നതായിരുന്നു. എങ്ങനെയായാലും നാം അതിലേക്ക് നോക്കുമ്പോൾ, ആ മനുഷ്യൻ ക്രിസ്തുവിന്റെ വിളിയോടു പ്രതികരിക്കുവാൻ താമസിച്ചു.

(2) യേശു കടന്നു യെരുശലേമിലേക്ക് പോകുകയായിരുന്നു.[18] ആ മനുഷ്യൻ വാസ്തവത്തിൽ യേശുവിനെ അനുഗമിക്കുകയാണെങ്കിൽ അത് അപ്പോഴായിരുന്നു, അല്ലാതെ പിന്നീടല്ല.[19]

(3) അക്കാലത്തെ ആചാരത്തെ പരിഗണിക്കുമ്പോൾ, ആ മനുഷ്യൻ തന്റെ തീരുമാനം അനിശ്ചിതമായി നീട്ടിവെക്കുകയായിരുന്നു. അവന്റെ അപ്പൻ അടുത്ത സമയത്ത് മരിച്ചതല്ല എന്നും അതുകൊണ്ട് അടക്കത്തിൽ പങ്കെടുക്കേണ്ടതിനു ഉടനെ പോകണമെന്നും അല്ല അവന്റെ ആവശ്യം അർത്ഥമാക്കുന്നത്. അവൻ അർത്ഥമാക്കിയത് "ഇപ്പോൾ എനിക്ക് വീട്ടിൽ ചില ഉത്തരവാദിത്വങ്ങളുണ്ട്. പിന്നീട് ഒരിക്കൽ, എന്റെ അപ്പൻ മരിച്ച ശേഷം, എന്റെ കടമകളെല്ലാം പൂർത്തിയാക്കിയശേഷം, പിന്നെ വന്നു ഞാൻ നിന്നെ അനുഗമിച്ചുകൊള്ളാം."[20] അത്തരം സംസ്ക്കാരത്തിൽ ജീവിച്ചിരുന്നവർക്ക് "എന്റെ അപ്പനെ കുഴിച്ചിടുവാൻ എന്നെ അനുവദിക്കണം" തുടങ്ങി ധാരാളം മാതൃകകൾ ഉള്ളതു സൂചിപ്പിക്കുന്നത്, അങ്ങനെ സംസാരിക്കുന്ന ആൾ ഭാവിയിൽ എപ്പോഴെങ്കിലും, അങ്ങനെ ചെയ്തുകൊള്ളാം എന്നാണ്.[21] ഇക്കാര്യത്തിൽ അതാണ് ഉണ്ടായതെന്നാണ് വ്യാഖ്യാതാക്കൾ കരുതുന്നത്. ആ മനുഷ്യന്റെ അപ്പൻ മരിച്ചു പോയി അടക്കേണ്ട സമയമാണെങ്കിൽ, യേശു അവനോട്, "എന്നെ അനുഗമിക്ക" എന്നു പറഞ്ഞ സമയത്ത് അയാൾ ഒരിക്കലും റോഡരികിൽ നിൽക്കുകയില്ലല്ലൊ. മറിച്ച് ആ മനുഷ്യൻ തന്റെ കടമകൾ തിരക്കിട്ടു നിർവ്വഹിക്കുകയായിരിക്കും ചെയ്യുക.[22]

(4) യേശുവിന്നു ആളുകളുടെ ഹൃദയം അറിയാമായിരുന്നു എന്നോർമ്മിക്കുക. എങ്ങനെയായാലും, അവന്റെ ആവശ്യം പ്രസക്തമാണെന്നു തോന്നി

യേക്കാം. തന്നെ അനുഗമിക്കാതിരിക്കുന്നതിനുള്ള യഥാർത്ഥമായ കാരണമായി യേശു അതിനെ കണ്ടില്ല, മറിച്ച് അത് ഒഴികഴിവായിട്ടാണ് അവൻ കണ്ടത്.

"ആദ്യം" എന്നതായിരുന്നു ആ മനുഷ്യന്റെ വാക്കുകളിലെ അപകട വാക്ക്; "കർത്താവേ, *ആദ്യം* എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം." ദൈവം പറഞ്ഞു, "ഞാൻ അല്ലാതെ അന്യ ദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്" (പുറപ്പാട് 20:3). യേശു പറഞ്ഞു, "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ" (മത്തായി 6:33). തന്നെ അനുസരിക്കുന്നതിനേക്കാൾ മുൻഗണന മറ്റൊന്നിനുമില്ല എന്നു യേശു ഊന്നൽ നൽകിയിരുന്നു – കുടുംബത്തോടുള്ള സ്നേഹം പോലും പിന്നീടാണ് വരുന്നത് (ലൂക്കൊസ് 14:25–27). പെട്ടെന്നുള്ള ദൃഢഭക്തിക്കായിരുന്നു യേശു വിളിച്ചത്!

"എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം" എന്ന് ആ മനുഷ്യൻ പറഞ്ഞപ്പോൾ അവന്റെ മനസിലുണ്ടായിരുന്നതു മുഴുവൻ എനിക്ക് അറിയുകയില്ല, ശിഷ്യന്മാരാകുവാൻ–ഇരിക്കുന്ന പലരിലുമുള്ള മനോഭാവം എനിക്ക് അവനിൽ കാണുവാൻ കഴിയുന്നുണ്ട്. "*ഞാൻ ഇപ്പോൾ ജീവിതം ഒന്നാസ്വദിക്കട്ടെ*, പിന്നീട് ഞാൻ യേശുവിനെ അനുഗമിച്ചുകൊള്ളാം," എന്നു കൗമാരക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. "ആദ്യം ഞാൻ ഈ ജോലിയിൽ ഒന്നുറച്ച ശേഷം, കുടുംബമൊക്കെയാകട്ടെ, പിന്നെ ഞാൻ യേശുവിനെ അനുഗമിക്കുന്നതിനെ കുറിച്ച് ഗൗരവമായി ചിന്തിക്കും," എന്ന് ഉദ്യോഗസ്ഥരായ യുവാക്കൾ പറഞ്ഞു കേട്ടിട്ടുണ്ട്. "എന്റെ കാര്യങ്ങൾ എല്ലാം ഒന്നു ക്രമപ്പെടുത്തട്ടെ, പിന്നെ ഞാൻ യേശുവിനെ അനുഗമിച്ചുകൊള്ളാം," എന്ന് പ്രായമുള്ളവരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ചിലപ്പോൾ അവർ പറഞ്ഞ ലക്ഷ്യങ്ങളിൽ ചിലത് വിലയുള്ളതാകാം, മറ്റു ചിലപ്പോൾ വിലയില്ലാത്തതുമാകാം; പക്ഷെ ഓരോന്നിലും അവർ ആദ്യം കണക്കാക്കിയ കാര്യം, ക്രിസ്തുവിന് മുൻപായി തീരുന്നുവെന്ന അപകടമാണ് ഉള്ളത്.[23]

വലിയ കഴിവും താലന്തുമുള്ള ഒരു അപ്പനെ ഞാൻ പഠിപ്പിച്ച്, സ്നാനപ്പെടുത്തിയത് ഓർക്കുന്നു. ആദ്യം, അയാൾക്കു കർത്താവിന്റെ വേലയിൽ താൽപര്യവും ഉത്സാഹവും ഉണ്ടായിരുന്നു. പിന്നെ അയാൾസ്വന്ത ബിസിനസ് തുടങ്ങി രാവും പകലും അതിനായി അദ്ധ്വാനിക്കാൻ തുടങ്ങി. അയാൾ തന്റെ കുടുംബത്തെ ഉപേക്ഷിച്ചു; അയാളെ ആരാധനയ്ക്കു കാണുന്നതു തന്നെ വല്ലപ്പോഴുമായി. "ഞാൻ ആദ്യം എന്റെ വ്യാപാരമൊന്നു ഉറപ്പിക്കട്ടെ. പിന്നെ ദൈവത്തിനു സമർപ്പിക്കുവാൻ സമയവും പണവും എനിക്കുണ്ടാകും." എന്ന ഒഴിവുകഴിവു അയാൾ പറയും. അയാൾ കർത്താവിൽ നിന്ന് വളരെ ദൂരേയ്ക്കുപോയി; എന്റെ അറിവിൽ, അയാൾ ഒരിക്കലും മടങ്ങിവന്നിട്ടില്ല.

സങ്കോചമുള്ള സ്ഥാനാർത്ഥിയോടു യേശുവിന്റെ സന്ദേശം എന്തെന്നാൽ "*പോരാട്ടത്തെ പരിഗണിക്കുക* എന്നതാണ്." ഫലത്തിൽ, അവൻ പറഞ്ഞു, "പോരാടുന്ന കടമകൾക്കിടയിൽ തിരഞ്ഞെടുപ്പ് നടത്തുമ്പോൾ, നിങ്ങൾ എന്റെ ശിഷ്യൻ ആകണമെങ്കിൽ, നിങ്ങൾ ആദ്യം ഞാൻ കൽപിച്ചതു ചെയ്യണം."

യേശു എന്താണ് അവനോടു കൽപിച്ചത്? "മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ; *എന്നാൽ നീയോ*, പോയി ദൈവരാജ്യത്തെ കുറിച്ച് എല്ലായിടവും ഘോഷിക്കുക" (ലൂക്കൊസ് 9:60; എംഫസിസ് മൈൻ). മറ്റൊരു

വാക്കിൽ പറഞ്ഞാൽ, "ജീവിതത്തിലെ സാധാരണ പ്രവൃത്തികൾ ആയ, അടക്കം മുതലായത്, ജിവിതത്തിൽ വന്നുകൊണ്ടിരിക്കും, പക്ഷെ നിങ്ങൾക്കു ഞാനൊരു പ്രത്യേക ദൗത്യമാണു തരുന്നത്: നിങ്ങൾ എല്ലായിടത്തും പോയി, സ്ഥാപിക്കുവാനിരിക്കുന്ന രാജ്യത്തെ കുറിച്ചു പ്രഖ്യാപിക്കുക![24] ആവശ്യം അടിയന്തിരമാണ്, അതുകൊണ്ടു ഇപ്പോൾ തന്നെ എന്നെ അനുഗമിക്ക."

**നിശ്ചയമില്ലാത്ത സ്ഥാനാർത്ഥി**
**(ലൂക്കൊസ് 9:61, 62)**

ശിഷ്യനാകുവാൻ–ഇരിക്കുന്ന മൂന്നാമത്തെ സ്ഥാനാർത്ഥി, രണ്ടാമത്തെ ആളെ പോലെ, ആദ്യം ചിലതു ചെയ്യേണ്ടതിനു അനുവാദം ചോദിച്ചു; "ഞാൻ നിന്നെ അനുഗമിക്കാം; ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ അനുവാദം തരേണം" (വാ. 61). മുൻപിലത്തെ ആവശ്യം പോലെ, അവന്റെ അപേക്ഷയും യുക്തിപരമാണെന്നു തോന്നുന്നു.[25] എങ്ങനെയായാലും, ഓർമ്മിക്കുക, അത്, പൂർവ്വരാജ്യങ്ങളിൽ, വിടവാങ്ങൽ ചടങ്ങു ദിവസങ്ങളും, ആഴ്ച്ചകളും, മാസങ്ങൾ പോലും നീണ്ടുനിൽക്കുന്നതായിരുന്നു. ആ മനുഷ്യൻ യേശുവിനെ അനുഗമിക്കുമെങ്കിൽ, *അന്നു* തന്നെ വേണ്ടിയിരുന്നു, അതെല്ലാം കഴിഞ്ഞ ശേഷമാണെങ്കിൽ; കർത്താവു അടുത്ത ദിവസം അവിടെ ഉണ്ടായിരിക്കയില്ല, അല്ലെങ്കിൽ ഒരാഴ്ച്ചയോ, അതുമല്ലെങ്കിൽ ഒരു മാസമോ അവൻ അവിടെ കാണുകയില്ല.

ആ മനുഷ്യൻ വീട്ടിൽ പോയി യാത്ര പറഞ്ഞാൽ സംഭവിക്കുവാനുള്ള സാധ്യത പരിഗണിക്കുമ്പോൾ, അവൻ കർത്താവിന്റെ ശിഷ്യനായി തീർന്നാൽ ജീവിതത്തിന്റെ അനിശ്ചിതാവസ്ഥയെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കും.[26] ഹിന്ദുമതത്തിൽ മാതാപിതാക്കളുടെ ശിക്ഷണത്തിൽ വളർന്നവർ തങ്ങളുടെ മക്കൾ ക്രിസ്ത്യാനികളായി തീരാതിരിക്കുവാൻ അവരുടെ മാതാപിതാക്കൾ അവരെ പ്രേരിപ്പിക്കുമെന്നു മിഷ്ണറിമാർക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അവസാന മാർഗ്ഗമായി, അവർ പറയും, "ശരി, നീ സ്നാനമേൽക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അങ്ങനെ ചെയ്തോളൂ. എന്നാൽ നിന്നിൽ നിന്ന് ഞാൻ ഒന്ന് ആവശ്യപ്പെടുന്നു: നീ അതു ചെയ്യുന്നതിനു മുൻപ്, അവസാനമായി വീട്ടിലേക്കു ഒന്നു വരണം. നിനക്കുവേണ്ടി ഇത്രയും കാലം ഞങ്ങൾ ചെയ്തതു ചിന്തിക്കുക, തീർച്ചയായും ചോദിക്കുന്നത് അധികമാകയില്ല." ഹൃദയഭേദകമായ മാതാപിതാക്കളുടെ അപേക്ഷ തള്ളിക്കളയുവാൻ, വളരെ കുറച്ചു പേർക്കു മാത്രമേ കഴിയൂ, വീട്ടിലേക്കു യാത്രപറവാൻ പോയവരിൽ, വളരെ കുറച്ചുപേർ മാത്രമേ മടങ്ങിവന്ന് ക്രിസ്ത്യാനികൾ ആയി തീർന്നിട്ടുള്ളൂ.[27]

ഈ വ്യക്തിയോട്, ആദ്യത്തെ ആളോടു പ്രതികരിച്ചതുപോലെ പ്രതികരിക്കാമായിരുന്നു, നീട്ടിവയ്ക്കരുത് എന്ന് അപേക്ഷിക്കാമായിരുന്നു. എങ്ങനെയായാലും, ആ മനുഷ്യന്റെ ഹൃദയത്തിലേക്ക് അവൻ നോക്കിയപ്പോൾ അവൻ തന്റെ പഴയ ജീവിതത്തോടു കൂടുതൽ ബന്ധിക്കപ്പെട്ടിരിക്കുന്നതായി കണ്ടു അതിൽ നിന്ന് അവൻ ഒരിക്കലും മുക്തനാവുകയില്ല എന്നും അറിയാം. നിശ്ചയമില്ലാതിരുന്ന സ്ഥാനാർത്ഥിയോടുള്ള അവന്റെ സന്ദേശം "*അനന്തരഫലങ്ങളെ ചിന്തിക്കുക*," എന്നായിരുന്നു. "എന്നാൽ യേശു അവനോടു, കലപ്പയ്ക്കു കൈവെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിന് കൊള്ളാകുന്നവൻ അല്ല" (വാ. 62).

അവിടെ പറഞ്ഞതായ കലപ്പ പുരാതനവും, ഘനം കുറഞ്ഞതും ഇട

തുകൈ കൊണ്ടു പിടിച്ചിരുന്നതും[28] വലതുകൈകൊണ്ടു കാളയെ നിയന്ത്രിച്ചിരുന്നതുമായിരുന്നു. നിങ്ങൾ എപ്പോഴെങ്കിലും കലപ്പ ഉപയോഗിച്ചിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം, ഉഴവുചാൽ നേരെ ഉഴുകണമെങ്കിൽ പുറകോട്ടു നോക്കിയാൽ സാധ്യമല്ല. ഒരു വേദനാജനകമായ ദിവസത്തെ ഓർമ്മ വരുന്നു. ഞാൻ കുട്ടി ആയിരുന്നപ്പോൾ, ഒരു വയൽ ഒഴുകുവാൻ എന്നെ കൂലിക്കു വിളിച്ചു, ഞാൻ ചെയ്യുന്നതെന്താണെന്നു എനിക്ക് അറിയില്ലായിരുന്നു. അതുകൊണ്ട് ഉഴവുചാലുകൾ എല്ലാം വളഞ്ഞും പുളഞ്ഞും പോവുകയും വയൽ വീണ്ടും ശരിയായി ഉഴുതുമറിക്കേണ്ടിവരികയും ചെയ്തു!

പുറകോട്ടു നോക്കുന്നതു ഉഴുകുന്ന മനുഷ്യനു മാത്രമല്ല കുഴപ്പം; കർത്താവിനെ അനുഗമിക്കുന്നവർക്കും കുഴപ്പമാണ്.[29] ശിഷ്യനാകുവാൻ–ഇരിക്കുന്ന ഈ മനുഷ്യൻ സ്പഷ്ടമായും പുറകോട്ടു നോക്കിയത് തന്റെ വീട്ടിലേക്കും, സ്നേഹിതരിലേക്കുമാണ് എന്നാൽ ആകർഷണം കഴിഞ്ഞകാല ജീവിതത്തിലെ എന്തിലേക്കുമാകാം – ക്രിസ്തീയ തത്വങ്ങളെ അവഗണിച്ച് വിജയിച്ചു നേടിയതുൾപ്പടെ. ക്രിസ്തുവിനെ സംബന്ധിച്ച്, നിരന്തരമായി പഴയ ജീവിതത്തിലെ പാപങ്ങളിലേക്കു പുറകോട്ടു നോക്കുവാൻ ശ്രമിക്കുന്നവർ ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ യോഗ്യരല്ല.

### ഇപ്പോൾ ശിഷ്യരാകുവാൻ-ഇരിക്കുന്നവർ

നമ്മുടെ വേദഭാഗത്തിൽ നിന്ന് നാം എന്താണ് തീർച്ചയാക്കേണ്ടത്? മതവിഭാഗങ്ങൾ ലൂക്കൊസ് 9:57–62 മുതലായ വേദഭാഗങ്ങൾ എടുത്ത് കുടുംബ ബന്ധങ്ങളിൽ നിന്നും, പഴയ ജീവിതങ്ങളിൽ നിന്നും, സ്നേഹിതന്മാരിൽ നിന്നുപോലും പൂർണ്ണമായി വേർപെട്ടിരിക്കണമെന്ന് ന്യായീകരണം നടത്തുന്നവരുണ്ട്. എങ്ങനെയായാലും, കുടുംബ ബന്ധങ്ങൾ, ഉത്തരവാദിത്വങ്ങൾ സ്നേഹിതരോടായാലും, അല്ലെങ്കിൽ ശവസംസ്ക്കാര ശുശ്രൂകളിൽപോലും പങ്കെടുക്കുന്നത് തെറ്റാണെന്ന അർത്ഥത്തിൽ യേശു ഒരിക്കലും വിലക്കിയിരുന്നില്ല. അതിൽനിന്നും വിപരീതമായി, അപ്പനെയും അമ്മയെയും കരുതണമെന്നാണ് കർത്താവു പഠിപ്പിച്ചത് (മത്തായി 15:4–6; 19:19), അവന് സ്നേഹിതന്മാർ ഉണ്ടായിരുന്നു (ലൂക്കൊസ് 12:4; യോഹന്നാൻ 15:15), ഒന്നോ രണ്ടോ ശവസംസ്ക്കാരങ്ങളിൽ അവൻ തല കാണിച്ചിട്ടുമുണ്ട് (മത്തായി 9:23–25; ലൂക്കൊസ് 7:12–15).

ഈ പ്രസംഗത്തിൽ പലപ്പോഴായി നാം ഉപയോഗിച്ചിട്ടുള്ള ഒരു വാക്യം ലൂക്കൊസ് 9:57–62 ലെ സന്ദേശം നമുക്കു ചുരുക്കാം: *സമർപ്പണം.* അവനായും അവനുവേണ്ടിയും പൂർണ്ണമായി നാം സമർപ്പിക്കപ്പെടുമ്പോഴാണ്, ക്രിസ്തുവിന്റെ ശിഷ്യന്മാരായി നാം തീരുന്നത്.

### ആവേശമുള്ള സ്ഥാനാർത്ഥികൾ

ആവേശമുള്ള സ്ഥാനാർത്ഥികളോടു, കർത്താവു പറയുന്നു,[30] “നിങ്ങൾ സമർപ്പണം എടുക്കുന്നതിനുമുൻപു, അതിനുവേണ്ട വില എന്തെന്നു മനസ്സിലാക്കുക.”

മുൻപു ക്രിസ്തു പറഞ്ഞു “ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, *തന്റെ ക്രൂശെടുത്ത്* എന്നെ അനുഗമിക്കട്ടെ” (ലൂക്കൊസ് 9:23; എംഫസിസ് മൈൻ). ഒരാൾ അവന്റെ ക്രൂശ് ചുമക്കുന്നത് പാലസ്തീനിൽ താമസിച്ചിരുന്ന മിക്കവരും കാണുകയുണ്ടായി.

ഒരാൾ ഒരു ക്രൂശ് ചുമന്നാൽ, നിങ്ങൾ ഏതാണ്ടു മരിക്കുവാൻ പോകുന്നുവെന്ന് എല്ലാവർക്കും അറിയാം (യോഹ. 19:17 നോക്കുക); ക്രൂശ് ചുമന്നുകൊണ്ടുപോകുന്നത് ഒരു വൺ-വേ യാത്രയാണ്. കർത്താവു “എന്നെ അനുഗമിക്ക,” എന്ന വെല്ലുവിളി നൽകിയപ്പോൾ അവൻ ക്ഷണിച്ചതു ആത്യന്തികമായ സ്വയം-ത്യജിക്കലാണ്.

യേശുവിനെ അനുഗമിക്കുക എന്നത് എളുപ്പമാണെന്ന പ്രതീതി നമ്മുടെ വിദ്യാർത്ഥികളിൽ വിട്ടുകളഞ്ഞാൽ നമ്മുടെ പ്രസംഗവും ഉപദേശവും വ്യർത്ഥമായി തീരും. ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, “ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ടാകും” (യോഹ 16:33; കെജെവി). പൗലൊസ് എഴുതി, “ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാനാഗ്രഹിക്കുന്നവർക്ക് എല്ലാവർക്കും കഷ്ടതയുണ്ടാകും” (2 തിമൊഥെയൊസ് 3:12). പഴയ ഒരു പാട്ട് പറയുന്നു, “നിങ്ങൾ ക്രൂശ് വഹിക്കുന്നില്ലെങ്കിൽ, നിങ്ങൾക്കു കിരീടം ധരിപ്പാൻ കഴിയുകയില്ല.” യേശുവിനെ വിശ്വസ്തമായി പിൻപറ്റിയാൽ അതിന് വില കൊടുക്കേണ്ടി വരും എന്നതാണ് ലളിതമായ സത്യം!

നിങ്ങൾ അവന്റെ ശിഷ്യനായി തീരുവാൻ യേശു ആഗ്രഹിക്കുന്നുവോ? തീർച്ചയായും! അതേസമയം, നിങ്ങൾ അങ്ങനെ ആകുന്നതിനു മുൻപ്, ആ സമർപ്പണത്തിനു ആവശ്യപ്പെടുന്നത് മുഴുവൻ നിങ്ങൾ മനസ്സിലാക്കണമെന്ന് കർത്താവു ആഗ്രഹിക്കുന്നു.

**ഇരുമനസ്സുള്ള സ്ഥാനാർത്ഥികൾ**

ഇരുമനസ്സുള്ള സ്ഥാനാർത്ഥികളോടു ക്രിസ്തു പറയുന്നു, “നിങ്ങൾ സമർപ്പണം നടത്തുമ്പോൾ, അതിനർത്ഥം എല്ലാറ്റിനും മുമ്പായി, കുടുംബത്തിനും സ്നേഹിതന്മാർക്കും മുൻപായി, ഞാൻ വരണം.” “എന്നേക്കാൾ അധികം അപ്പനെയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല; എന്നേക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല” (മത്തായി 10:37).

നമ്മുടെ പ്രാഥമികമായ ആവശ്യങ്ങളിൽ പെടുന്നതാണ് വീട്, കുടുംബം, സ്നേഹിതന്മാർ എന്നിവ. യേശുവിന് നമ്മുടെ ജീവിതത്തെ നാം സമർപ്പിക്കുന്നതിനു മുൻപ്, നാം ഓരോരുത്തരും ചോദിക്കണം, “കർത്താവിനെ അനുഗമിക്കുവാൻ ഞാൻ ഇവയെല്ലാം വിട്ടുകളയേണ്ടതുണ്ടോ? ഞാൻ അതിനു തയ്യാറാണോ?” ഹൃദയ-സ്പർശിയായ ഇത്തരം ചോദ്യങ്ങൾ വളരെ അധികമുണ്ട്: ക്രിസ്തുവിനെ അനുഗമിച്ചാൽ എന്റെ വരുമാനം കുറഞ്ഞുപോയാലോ ... ഞാൻ എടുക്കുന്ന സമർപ്പണം ആളുകൾക്കു മനസ്സിലാകയില്ല ... അതായത്, ഒരുപക്ഷെ, ഞാൻ ഉപദ്രവിക്കപ്പെട്ടാലോ? ഞാനപ്പോഴും അവനെ പിൻപറ്റുമോ?” മൈക്കൽ വിൽക്കോക്ക് എഴുതി, “രണ്ടു വഴികളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കേണ്ടി വന്നാൽ, നാം ഏതു പിൻപറ്റും? ആശ്വാസമോ അല്ലെങ്കിൽ സമ്പ്രദായമോ അതുമല്ലെങ്കിൽ ആചാരമോ – അല്ലെങ്കിൽ ക്രിസ്തുവോ?”[31]

പൗലൊസ് എഴുതി, “ക്രിസ്തു സഭയെന്ന ശരീരത്തിന്റെ തലയാകുന്നു; ... അതുകൊണ്ട് അവൻ എല്ലാറ്റിലും *മുമ്പനായി തീരണം*” (കൊലൊസ്യർ 1:18; എംഫസിസ് മൈൻ). കെജെവിയിൽ “എല്ലാറ്റിലും അവന് *മുൻഗണന* ഉണ്ടാകേണ്ടതിന് എന്നാണ്.” (എംഫസിസ് മൈൻ.) ചിലർക്ക് കർത്താവു ആദ്യം വരേണമെന്ന വസ്തുത ഒരു ഓർമ്മിപ്പിക്കൽ ആണ്; മറ്റുള്ളവർക്കു,

അതൊരു വെളിപ്പാടാണ്.

**അനിശ്ചിത സ്ഥാനാർത്ഥികൾ**

യേശുവിന്റെ സന്ദേശങ്ങൾ അതുകൊണ്ടു വളരെ പ്രധാനപ്പെട്ടവയാണ്: “അവനെ പിൻപറ്റുന്നതുകൊണ്ടു നൽകേണ്ട വിലകൾ പരിഗണിക്കുകയും, തുടർന്ന് അനുഷ്ഠിക്കേണ്ടവ മനസ്സിലാക്കുകയും വേണം.” എങ്ങനെയായാലും, ഈ രണ്ട് പ്രബോധനങ്ങളും കേട്ടുകൊണ്ടു, ശിഷ്യരാകുവാൻ-ഇരിക്കുന്നവർ പറയുന്നത് എനിക്കൂഹിക്കുവാൻ കഴിയും. “ക്രിസ്തുവിനെ പിൻപറ്റുന്നത് അത്ര വിഷമമാണെങ്കിൽ, എനിക്ക് അതിൽ അത്ര താൽപര്യമില്ല!” അനിശ്ചിത സ്ഥാനാർത്ഥികളോടുള്ള അവന്റെ വാക്ക് സന്തുലിത ആവശ്യപ്പെടുന്നതാണ്: “എന്നെ അനുഗമിച്ചിട്ടു പുറകോട്ടു നോക്കുന്നതിന്റെ അനന്തരഫലം തിരിച്ചറിയുക: നിങ്ങൾ ദൈവരാജ്യത്തിന് കൊള്ളാകുന്നവനല്ല!”

ഇതു വായിക്കുന്ന മിക്കവർക്കും അറിയാം, ഇതിനു തൊട്ടുമുൻപ്, താൻ പണിയുവാൻ ഇരിക്കുന്ന സഭയാകുന്ന മശിഹാ രാജ്യത്തെ യേശു തിരിച്ചറിയിച്ചിരുന്നു (മത്തായി 16:18, 19; കൊലൊസ്യർ 1:13 നോക്കുക). പലപ്പോഴും സ്വർഗ്ഗത്തെ ദൈവരാജ്യമായി സംസാരിച്ചിട്ടുള്ളത് നിങ്ങൾക്ക് ഒരുപക്ഷെ അറിയാമായിരിക്കും (1 കൊരിന്ത്യർ 15:50; 2 തിമൊഥെയോസ് 4:18; 2 പത്രൊസ് 1:11). അതുകൊണ്ടു ‘‘ദൈവരാജ്യത്തിന് ... യോഗ്യൻ അല്ല” എന്നു നാം വായിക്കുമ്പോൾ, നാം ചിന്തിക്കുന്നത്, “അതെ ഒരാൾ കർത്താവിനെ പിൻപറ്റുവാൻ മടിക്കുമ്പോൾ, അയാൾക്ക് സഭയുടെ വിശ്വസ്ത അംഗമായിരിപ്പാൻ സാധ്യമല്ല, എന്നുമാത്രമല്ല, അവസാനം അയാൾ സ്വർഗ്ഗത്തിൽ പോകയില്ല.’’ ആ പ്രസ്താവനയിലെ ഓരോ ഭാഗവും വാസ്തവമാണ്, പക്ഷെ, ക്രിസ്തുവിന്റെ വാക്കുകളുടെ വൈകാരിക ഫലം ഒന്നാം-നൂറ്റാണ്ടിലെ സദസ്യർക്കു ബോധ്യമായി.

യേശുവിന്റെ സദസ്യരുടെ ഉള്ളിൽ ഉണ്ടായിരുന്ന മശിഹയുടെ രാജ്യം എന്തായിരുന്നു എന്നു ഓർമ്മിക്കുക. അവർ ആ രാജ്യത്തിനുവേണ്ടി നോക്കിപ്പാർത്തിരിക്കുകയും, പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും, നൂറ്റാണ്ടുകളായി അതിന് ഉറ്റിരിക്കുകയും ചെയ്തു (മർക്കൊസ് 11:10; 15:43). കർത്താവു വന്ന് പ്രസംഗിച്ചു, “സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു” മത്തായി 3:2; 4:17). തന്നെ അനുഗമിച്ചവരോടു അവൻ പറഞ്ഞു “ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം ... മരണം ആസ്വദിക്കാത്തവർ ചിലർ ഉണ്ടാകും” (മർക്കൊസ് 9:1). ആ രാജ്യസ്ഥാപനം അടുത്തുവന്നപ്പോൾ ആവേശം മുറുകിവന്നു.[32] സാധ്യമാകുന്ന എല്ലാ വിപത്തുകളിലും വെച്ച് വലുതായിരിക്കും ആ രാജ്യം വരുമ്പോൾ അതിന് യോഗ്യമല്ലാതാകുന്നത്! എങ്ങനെയായാലും, “കലപ്പയ്ക്കു കൈവെച്ചശേഷം” ആരെങ്കിലും പുറകോട്ടു നോക്കിയാൽ അവൻ കൊള്ളാകുന്നവനല്ല എന്നു ക്രിസ്തു പറഞ്ഞു.

ഏതൊരു യാഗത്തെക്കാളും വിലയുള്ള നിധിയാണ് രാജ്യം/സഭ എന്നു പുതിയ നിയമം താരതമ്യപ്പെടുത്തി പറയുന്നു (മത്തായി 13:44-46). രാജ്യം/സഭയുടെ സന്ദേശം “സുവിശേഷം” ആണ് (മത്തായി 24:14; പ്രവൃത്തികൾ 8:12). രാജ്യം/സഭയിൽ, ക്രിസ്തുവിനോടുകൂടെ നമുക്കു കൂട്ടായ്മ ഉണ്ട് (മത്തായി 26:29). രാജ്യം/സഭയിൽ, നമുക്ക് നീതി, സമാധാനം, സന്തോഷം ഉണ്ട് (റോമർ 14:17). നമുക്കും, കൂടെ, യേശുവിന്റെ രാജ്യത്തിന് യോഗ്യരായി തീരുന്നത് വിപത്തുകളുടെ വിപത്തായിരിക്കും.

കർത്താവിനെ അനുഗമിക്കുവാൻ, നമ്മുടെ ഹൃദയങ്ങൾ അവനിൽ സമർപ്പിക്കണം. "സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുൻപിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക; വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ *യേശുവിനെ നോക്കുക*" (എബ്രായർ 12:1, 2; എംഫസിസ് മൈൻ). പൗലൊസ് എഴുതി, "ഒന്നു ഞാൻ ചെയ്യുന്നു, പിൻപിലുള്ളതു മറന്നും മുൻപിലുള്ളതു ആഞ്ഞുകൊണ്ടും ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കി ലേക്കു ഓടുന്നു" (ഫിലിപ്പിയർ 3:13, 14).[33] ഭിന്നിക്കപ്പെട്ട ഹൃദയങ്ങളെ ദൈവം സ്വീകരിക്കയില്ല (ഹോശേയാ 10:2; കെജെവി; വെളിപ്പാട് 3:16).

**ഉപസംഹാരം**

യേശുവിന്റെ വെല്ലുവിളികളോടു ശിഷ്യരാകുവാൻ–ഇരുന്ന ആ മൂന്നു പേർ പ്രതികരിച്ചതെങ്ങനെ അവർ എല്ലാം വിട്ടുകൊണ്ടു അവനെ അനുഗമി ച്ചു, അതോ ധനികയുവാവിനെ പോലെ അവർ ദുഃഖിച്ചു പൊയ്ക്കളഞ്ഞോ, (മത്തായി 19:22)? നമ്മളോടു പറഞ്ഞിട്ടില്ല. നിങ്ങളോടാണോ അത് പറഞ്ഞ തെങ്കിൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? ...

... ക്രിസ്തുവിനെ നിങ്ങൾ പിൻപറ്റിയാൽ പ്രയാസം മാത്രമാണോ കാത്തിരിക്കേണ്ടത്?

... മറ്റാരെങ്കിലും നിങ്ങളുടെ അപ്പനെ അടക്കട്ടെ?

... നിങ്ങളുടെ വീട്ടിലുള്ളവരോടു യാത്ര പറവാൻ പോലും കഴിഞ്ഞില്ലെ ങ്കിലോ

... നിങ്ങൾ പുറകോട്ടു നോക്കി, ദൈവരാജ്യത്തിന് കൊള്ളാകുന്ന വനല്ല എന്നു പറഞ്ഞാലോ?

അവന്റെ ക്ഷണത്തോടു *ഇന്നു* നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്ന താണ്, ഏറ്റവും പ്രധാനം? അവനിപ്പോഴും പറയുന്നു, "എന്നെ അനുഗമിക്ക," എന്നാൽ ആവശ്യങ്ങൾ ഒന്നും കുറച്ചിട്ടില്ല: "ഒരുത്തൻ എന്നെ അനുഗമി ക്കുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ" (ലൂക്കൊസ് 9:23). നിങ്ങളുടെ ജീവിതവും, നിങ്ങ ളുടെ എല്ലാം കർത്താവിന് സമർപ്പിക്കുവാൻ തയ്യാറായാൽ ദയവായി *ഇന്നു* തന്നെ അതു ചെയ്യുക.[34]

**പ്രസംഗക്കുറിപ്പുകൾ**

ഈ പ്രസംഗത്തിന് വേറൊരു തലക്കെട്ട് കൊടുക്കാവുന്നത് "നോ ഫയിൻ പ്രിന്റ്." മറ്റു സാധ്യതാ തലക്കെട്ടുകൾ "ശിഷ്യത്വത്തിന്റെ വില" "ശിഷ്യത്വ ത്തിന്റെ ആവശ്യകതകൾ."

---

കുറിപ്പുകൾ

[1]നിങ്ങൾക്ക് അത്തരം അനുഭവം ഉണ്ടായിട്ടുണ്ടെങ്കിൽ, നിങ്ങൾക്കു വേണമെങ്കിൽ അതു പറയാം, എങ്ങനെയായാലും, അതു നിങ്ങളുടെ സദസിനു യോജിക്കുന്ന ചിത്രീ കരണം ആയിരിക്കണം. [2]കാലനിർണ്ണയം സുവിശേഷ വിവരണങ്ങളിൽ അത്ര–പ്രാധാ ന്യമുള്ളതല്ലെങ്കിലും, രണ്ടു സംഭവങ്ങളും ഒന്നുതന്നെ ആയിരിക്കാം. എങ്ങനെയായാ

ലും, രണ്ടു വിവരണങ്ങളുടേയും ക്രമീകരണം ഒന്നുതന്നെ അല്ല, അതുകൊണ്ടു അത് വ്യത്യസ്ത സമയങ്ങളിൽ സംഭവിച്ചതാകാം. അതൂഹിക്കുവാൻ പ്രയാസമില്ല, കാരണം ഒന്നിലധികം സാഹചര്യങ്ങളിൽ നടന്നതാണ്. യേശു ശിഷ്യരാകുവാൻ–ഇരിക്കുന്നവരോടു സമീപിച്ച് ഓരോ സമയത്തും ഒരേ പ്രസ്താവനകൾ നടത്തി. [3]പത്രൊസിന്റെ സങ്കോചവും, അയോഗ്യമായ പ്രസ്താവനകളും കാണുവാൻ ഈ വേദഭാഗത്തെ യോഹന്നാൻ 13:37 ഉം ലൂക്കൊസ് 22:33 ഉം താരതമ്യം ചെയ്യുക. [4]യേശു സഞ്ചരിക്കുകയും ഉപദേശിക്കുകയും ചെയ്ത പ്രദേശങ്ങളിൽ, പക്ഷികളെ പോലെ കുറുനരികളും ധാരാളം ഉണ്ടായിരുന്നു (ന്യായാധിപന്മാർ 15:4; നെഹമ്യാവു 4:3; സങ്കീർത്തനങ്ങൾ 63:10; ഉത്തമഗീതം 2:15; വിലാപങ്ങൾ 5:18; യെഹെസ്കേൽ 13:4; മത്തായി 6:26; 13:4, 32; ലൂക്കൊസ് 13:32). [5]"കൂടുകൾ" എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരിക അർത്ഥം "വാസസ്ഥലം" എന്നാണ്. അതിൽ കൂടുകൾ മാത്രമല്ല ഉൾപ്പെടുന്നത്, വിശ്രമസ്ഥലങ്ങൾ കൂടെ ഉൾപ്പെടുന്നു. [6]ഈ സന്ദർഭത്തിൽ, "മനുഷ്യപുത്രൻ" എന്നു പറഞ്ഞിരിക്കുന്നതു യേശുവിനെ തന്നെയാണ്. [7]"തലചായ്ക്കുവാൻ ഇടമില്ല" എന്നത് "വീട് ഒന്നും ഇല്ല" എന്നു പറയുന്ന രീതിയാണ്. കോട്ടൺ പാച്ച് വേർഷൻ ഒരു അമേരിക്കൻ പ്രയോഗം നടത്തുന്നതിന്റെ അർത്ഥം അതുതന്നെയാണ്: "നോ പ്ലെയിസ് ടു ഹാങ് ഹിസ് ഹാറ്റ്." [8]സമയാസമയങ്ങളിൽ, യേശുവിന് ഉറങ്ങുവാനുള്ള വീടുകൾ ലഭിച്ചിരുന്നു – ഉദാഹരണമായി പത്രൊസിന്റെ കഫർന്നഹൂമിലുള്ള വീടും ബെഥാന്യയിലെ മറിയയുടെയും മാർത്തയുടെയും വീടും ഉണ്ടായിരുന്നു – എന്നാൽ അവന് സ്ഥിരതാമസത്തിന് സ്ഥലമില്ലായിരുന്നു. മിക്ക സമയത്തും, അവനും അവന്റെ ശിഷ്യന്മാരും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്തിരുന്നു. [9]ഉദ്ധരിച്ചത് വില്യം ബാർക്ക്ലേയിൽ നിന്ന്, *ദ ഗോസ്പെൽ ഓഫ് മാത്യു*. റെവ. എഡി., വാ. 1 ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ് 1975), 311. [10]"ധനവും – സമ്പത്തും" തമ്മിൽ എന്തൊരു വ്യത്യാസമാണ് ഉള്ളത്? ടി.വി. പ്രഭാഷകർ അവരുടെ ശുശ്രൂഷകൾക്കു ദൈവത്തിന്റെ അംഗീകാരം ഉണ്ടെന്നുള്ളതിന് തെളിവായി മാളികകൾ, തോട്ടങ്ങൾ, പടകുകൾ എന്നിവ കാണിക്കാറുണ്ട്! ഇതാ പ്രീച്ചേഴ്സ്–ആകുവാൻ ഉള്ളവർക്കും മിഷ്ണറിമാരാകുവാൻ ഉള്ളവർക്കും ഒരു വേദഭാഗം: അതൊരു ജോലിയായി കാണാതിരിക്കുക കൂടാതെ പണത്തിനോ സമ്പാദ്യത്തിനോ വേണ്ടിയും ആകരുത്. മറിച്ച്, ഒരു ശുശ്രൂഷയ്ക്കു നിങ്ങളെ തന്നെ സമർപ്പിക്കുക, പിന്നീടു ജീവിതത്തിലെ ആവശ്യങ്ങൾക്കു (ആഡംഭരത്തിനല്ല) കർത്താവിൽ ആശ്രയിക്കുക (മത്തായി 6:33).

[11]അവൻ സ്വയമായി സ്വർഗ്ഗം ഉപേക്ഷിക്കുകയും, നസ്റേത്തിലെ വീടു സ്വയമായി ഉപേക്ഷിക്കുകയും ചെയ്തു. [12]മറ്റൊരു സന്ദർഭത്തിൽ ശിഷ്യരാകുവാൻ–ഇരിക്കുന്നവരോടു യേശു പറഞ്ഞു "വില കണക്കാക്കുക" (ലൂക്കൊസ് 14:27–30 നോക്കുക). [13]പല ഉപമകളും ഉപയോഗിക്കുവാൻ കഴിയും: "യേശു പറഞ്ഞു 'ഹുവാ' ആദ്യം വരണം, എന്നാൽ 'ഗിഡിയർ' രണ്ടാമതു വരണം"; "യേശു പറഞ്ഞു ആദ്യം ബ്രേക്ക് നോക്കുക പിന്നെ രണ്ടാമതു ഇന്ധനം നോക്കുക." നിങ്ങൾ താമസിക്കുന്ന സ്ഥലത്തിന് യോജിക്കുന്ന സമാന്തര പ്രയോഗം നടത്തുക. ഒന്നാമത്തേതിന് ഇടം പ്രഥമ സ്ഥാനവും രണ്ടാമത്തേതിന് അതിലും താഴെയുള്ള സ്ഥാനവും കൊടുക്കുക. [14]ഇതിന് ശേഷം, യെഹൂദ്യയിൽ ഒക്കെയും ദൗത്യ നിർവ്വഹണത്തിന് യേശു എഴുപതു ശിഷ്യന്മാരെ അയച്ചു (ലൂക്കൊസ് 10:1). ഒരുപക്ഷെ ഈ ജോലിക്കായി ക്രിസ്തു പുരുഷന്മാരെ തിരഞ്ഞെടുത്തിരിക്കാം (ലൂക്കൊസ് 10:2; ലൂക്കൊസ് 9:60–മായി, ലൂക്കൊസ് 10:11 താരതമ്യം ചെയ്തു നോക്കുക). പുരുഷന്മാരോടു ക്രിസ്തു "എന്നെ അനുഗമിക്ക" എന്നു പറഞ്ഞപ്പോൾ, അവൻ അവരെ വിളിച്ചത് മുഴുവൻ–സമയ സേവനത്തിനാണ്. [15]എഫെസ്യർ 2:1; 1 തിമൊഥെയൊസ് 5:6; 1 യോഹന്നാൻ 3:14. [16]റബ്ബിമാർ പറഞ്ഞിരുന്നതനുസരിച്ച്, ഒരു അപ്പനെ അടക്കുന്നതിനു മുൻപു മതപരമായ ചടങ്ങോ ന്യായപ്രമാണ വായനയോ ഉണ്ടായിരുന്നില്ല. ഒരു

മകന് തന്റെ അപ്പനെ അടക്കുവാൻ മതപരവും, സാമൂഹ്യവും, കുടുംബപരവുമായ കടമ ഉണ്ടായിരുന്നു. പ്രിയപ്പെട്ടവരെ അടക്കേണ്ടതിന്റെ പ്രാധാന്യം കാണുവാൻ പഴയ നിയമ വേദഭാഗങ്ങൾ നോക്കുക, ഉൽപത്തി 23:9; 25:9; 35:29; 49:28–50:3; 50:5, 13, 14, 26; യോശുവാ 24:29, 30). [17]മത്തായി 9:18, 23; യോഹന്നാൻ 11:1, 14, 17; പ്രവൃത്തികൾ 5:5, 6, 10. [18]യേശു സഞ്ചരിച്ചുകൊണ്ടിരുന്നുവെന്നും, അത് ഗലീലാ കടൽക്കരയുടെ കിഴക്കേ ഭാഗത്തേക്കായിരുന്നുവെന്നും മത്തായി വിവരിക്കുന്നു (മത്തായി 8:18, 23, 28). [19]ഞാൻ താമസിക്കുന്ന സ്ഥലത്ത് അതുപോലെയുള്ള പ്രയോഗമുള്ളത് "ദ മാൻ ഹാഡ് എ നാരോ വിൻഡോ ഓഫ് ഓപ്പർച്യൂണിറ്റി" എന്നാണ്. [20]ചിലർ വിചാരിക്കുന്നത് ആ യുവാവിന്റെ വാക്കുകൾക്ക് ഈ അർത്ഥവും അന്തർലീനമായിരിക്കുന്നുവെന്നാണ്: "എന്റെ വസ്തു സംബന്ധമായ ഇടപാടും എന്റെ അവകാശ സംബന്ധമായ കാര്യങ്ങളും തീർന്നശേഷം, പിന്നെ ഞാൻ നിന്നെ അനുഗമിക്കാം. എങ്ങനെയായാലും, ഞാൻ സാമ്പത്തിക ഭദ്രത വരുത്തിയില്ലെങ്കിൽ ഒരു ശിഷ്യനായി തീർന്നാൽ അതു നടക്കുകയില്ലല്ലോ."

[21]ഒരു മിഷ്ണറി തുർക്കിയിലെ ഒരു യുവാവിനു കൊടുത്ത നിർദ്ദേശത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. ആ മനുഷ്യൻ പറഞ്ഞു, "ഞാനാദ്യം എന്റെ അപ്പനെ കുഴിച്ചിടട്ടെ." ആ മിഷ്ണറി ഖേദം പ്രകടിപ്പിച്ചപ്പോൾ, ആ യുവാവു പറഞ്ഞു തന്റെ അപ്പൻ മരിച്ചിട്ടില്ല, മറിച്ചു, ആ മിഷ്ണറി നിർദ്ദേശിച്ചതു ചെയ്യുന്നതിനു മുൻപു തന്റെ എല്ലാ കുടുംബ ബാധ്യതകളും തീർക്കട്ടെ എന്നാണ് അർത്ഥമാക്കിയത്. ഒരു ഇംഗ്ലീഷ് ഉദ്യോഗസ്ഥൻ ഒരു അറബിക്കാരനായ യുവാവിനു സ്കോളർഷിപ്പ് നൽകിയതിനെ കുറിച്ചു പറഞ്ഞിരിക്കുന്നു. അയാൾ പറഞ്ഞു, "ഞാൻ അത് സ്വീകരിക്കും," എന്നിട്ടു പറഞ്ഞു, "അത് എന്റെ അപ്പനെ അടക്കിയ ശേഷമാകട്ടെ." ആ സമയത്ത് ആ ചെറുപ്പക്കാരന്റെ അപ്പനു നാൽപതു വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളൂ. നല്ല ആരോഗ്യവാനും ആയിരുന്നു. ഒരു പ്രാസംഗികൻ പറഞ്ഞു, ഇക്കാലത്തുപോലും, അറബി നാടുകളിൽ, ആരെങ്കിലും മറ്റൊരു രാജ്യത്തുപോയി കുടിയേറി പാർക്കുകയാണെങ്കിൽ, അയാളോടു ചോദിക്കും, "നീ നിന്റെ അപ്പനെ ആദ്യം അടക്കുകയില്ലേ?" അതിനർത്ഥം, "നിന്റെ കുടുംബ ബാധ്യതകൾ എല്ലാം തീർക്കുംവരെ നീ ഇവിടെ താമസിക്കയില്ലേ?" എന്നാണ്. [22]അത് മനസ്സിൽ വയ്ക്കുക. സാധ്യമാണെങ്കിൽ, മരണംപോലെ അതേ ദിവസം അടക്കവും നടക്കുന്നു. [23]ഈ ഭാഗം വലുതായി വിപുലീകരിക്കാം. ചില മിഷ്ണറിമാരോടുകൂടെ ഞാൻ ആസ്ട്രേലിയയിൽ പ്രവർത്തിച്ചിരുന്നപ്പോൾ ഞങ്ങളോടു പലപ്പോഴും പറഞ്ഞിട്ടുള്ളത്, "ഞങ്ങൾ ആസ്ട്രേലിയയിൽ വന്ന് നിങ്ങളെ സഹായിക്കാം, പക്ഷെ *ആദ്യം* ഞങ്ങൾ ചിലതു ചെയ്തു തീർക്കട്ടെ…." ഞങ്ങൾ അതു കേട്ടപ്പോൾ, ആ പ്രാസംഗികർ ഒരിക്കലും വരികയില്ല എന്നു മനസ്സിലാക്കി. ഞങ്ങൾക്ക് ആസ്ട്രേലിയയിൽ ഒരു സ്കൂൾ ഓഫ് പ്രീച്ചിങ് ഉണ്ടായിരുന്നു, അവിടുത്തെ ചില വിദ്യാർത്ഥികൾ പലപ്പോഴും ഞങ്ങളോടു പറഞ്ഞു, "ഞങ്ങൾ സ്കൂളിലേക്കു വരും, പക്ഷെ *ആദ്യം* ഞങ്ങൾ ഇതെല്ലാം തീർക്കട്ടെ …." അതു കേൾക്കുമ്പോൾ, ആ ചെറുപ്പക്കാർ ഒരിക്കലും വരികയുില്ല എന്നു ഞങ്ങൾക്ക് അറിയാം. നിങ്ങൾ കേൾക്കുന്ന ഒഴികഴിവുകളെ കുറിച്ചു *നിങ്ങളുടെ* പ്രദേശത്തിന് യോജിക്കുന്ന വിധത്തിൽ പ്രായോഗികത വരുത്തുക. [24]ഈ പാഠത്തിൽ ആദ്യം വന്ന കുറിപ്പ് 14 നോക്കുക. [25]ഏലിയാവു ഏലീശയെ വിളിച്ചപ്പോൾ, ഇതേ ആവശ്യം ഉന്നയിക്കയുണ്ടായി, പ്രവാചകൻ അതു നൽകുകയും ചെയ്തു (1 രാജാ. 19:19–21). [26]ആസ്ട്രേലിയയിലേക്കു മിഷ്ണറിമാരായി–വരാതിരുന്നവരുടെ പൊതുവായ കാരണം അവരുടെ മാതാപിതാക്കൾ അവരെ അതിന് അയച്ചില്ല എന്നതാണ്: "ദയവായി ഞങ്ങളുടെ പേരക്കുട്ടികളെ ആസ്ട്രേലിയയിലേക്ക് കൊണ്ടുപോകരുത്, അവിടെ അവരെ ഞാൻ ഒരിക്കലും വന്നുകാണുകയില്ല!" [27]സ്റ്റീഫൻ എഫ്. ഓൾഫോഡ്, *കമ്മിറ്റഡ് ടു ക്രൈസ്റ്റ് ആന്റ്* (ഹിസ് ചർച്ച്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1991), 37–38. [28]ലൂക്കൊസ് 9:62–ൽ ഉപയോഗിച്ച ഏകവചന "കൈ" ശ്രദ്ധിക്കുക.

[29]ലോത്തിന്റെ ഭാര്യ പുറകോട്ടു നോക്കിയതുകൊണ്ടു അപകടമായിരുന്നു സംഭവിച്ചത് (ഉൽപത്തി 19:26). [30]ഈ പ്രായോഗികതാ ഭാഗത്ത്, ഓരോ തരത്തിലുള്ള സ്ഥാനാർത്ഥിക ളോടും ഉള്ള യേശുവിന്റെ സന്ദേശം ഞാൻ ചുരുക്കിപ്പറയും. ഇവ ശരിക്കുമുള്ള ഉദ്ധര ണികളല്ല. ഓരോന്നിലും നിങ്ങൾക്കുവേണമെങ്കിൽ "ഫലത്തിൽ" എന്നതു തിരഞ്ഞെടു ക്കാം.

[31]മൈക്കിൾ വിൽകോക്ക്, *ദ മെസെജ് ഓഫ് ലൂക്ക്:ദ സേവിയർ ഓഫ് ദ വേൾഡ്*, ദ ബൈബിൾ സീരിസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ–വാർസിറ്റി പ്രെസ്, 1979), 119. [32]സഭ/രാജ്യം ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കുശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ സ്ഥാപിച്ചു (പ്രവൃത്തികൾ 2). [33]"പുറകോട്ട് നോക്കുന്നതു" വിലക്കിയിരിക്കുന്നതിനർത്ഥം നിങ്ങൾക്ക് മുഴുവനായും പഴയഓർമ്മകൾ തുടച്ചു നീക്കുവാൻ (അല്ലെങ്കിൽ കഴിയും) എന്ന് അർത്ഥമാക്കരുത്. പൗലൊസിന് പഴയ കാലം ഓർമ്മയുണ്ടായിരുന്നു (ഫിലിപ്പിയർ 3:5, 6), എന്നാൽ അവൻ അവയിൽ നിലനിന്നിലല്ല. അവന്റെ ശ്രദ്ധ ക്രിസ്തുവിലും ഭാവിയിലുമായിരുന്നു. ഇതുമായ ബന്ധത്തിൽ, ശ്രദ്ധി ക്കേണ്ടത്, മൂലഭാഷയിൽ "പുറകോട്ടു നോക്കുക" എന്ന് ലൂക്കൊസ് 9:62–ലുള്ളത് സൂചി പ്പിക്കുന്നത് സാധാരണ എത്തിനോട്ടമല്ല, തുടർച്ചയായ ഒരു പ്രവർത്തിയെയാണ്. [34]എങ്ങനെ ഒരാൾക്കു യേശുവിന്റെ ശിഷ്യനായി തീരാമെന്നു നിങ്ങൾക്കു നിങ്ങളുടെ ശ്രോതാക്കളോടു പറയാം (യോഹന്നാൻ 3:16; ലൂക്കൊ. 13:3; മത്തായി 10:32, 33; മർക്കൊസ് 16:15, 16), അവർ അവരുടെ സമർപ്പണത്തിൽ തന്നെ നിലനിന്നില്ല എങ്കിൽ എങ്ങനെ യഥാ സ്ഥാനപ്പെടാമെന്നും പറയാം (പ്രവൃത്തികൾ 8:22; 1 യോഹ 1:9).